**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3879** **15-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടക്കുന്ന നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | പയ്യന്നൂർ താലൂക്ക് ആശുപത്രിയുടെ സിവിൽ ഇലക്ട്രിക്കൽ, ഇഎൽവി, ഫയർഫൈറ്റിംഗ് എന്നീ പ്രവർത്തികൾ ക്കായി 56.31 കോടി രൂപയ്ക്ക് കിഫ്ബിയുടെ ധനാനുമതി നൽകി നിർമ്മാണ പ്രവർത്തി നടന്നുകൊണ്ടിരിക്കുകയാണ്.ഈ പ്രവൃത്തി യുടെ 44.25% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന നിർദ്ദിഷ്ട കെട്ടിടത്തിൽ അഡ്മിറ്റാകുന്ന രോഗികൾക്ക് റൂം സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മെയിൻ ബ്ലോക്ക് കെട്ടിടത്തിന്റെ രൂപരേഖയിൽ ഫീമെയിൽ/ മെയിൽ വാർഡുകൾ, പീഡിയാട്രിക്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡുകൾ, ഫീമെയിൽ/മെയിൽ സർജ്ജിക്കൽ വാർഡുകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഈ വിവിധ വിഭാഗങ്ങ ളിലായി 200 ൽ പരം ബെഡ്ഡുകൾക്കുള്ള സൗകര്യം വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ ടി ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് പേ വാർഡിൽ 11 മുറികളുണ്ട്. |
| (സി) | നിലവിലെ പ്ലാനിൽ റൂം സൗകര്യം ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | പ്രസ്തുത പ്രവർത്തിയുടെ നിർമ്മാണ പ്രവർത്തനം 44.25% പൂർത്തിയായ സാഹചര്യത്തിൽ പ്ലാനിൽ മാറ്റം വരുത്തുന്നത് പ്രായോഗികമല്ല. |
| (ഡി) | നിലവിൽ അനുവദിച്ച തുക അധികരിക്കാതെ പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി റൂം സൗകര്യം കൂടി ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പ്രവർത്തിയുടെ നിർമ്മാണ പ്രവർത്തനം 44.25% പൂർത്തിയായ സാഹചര്യത്തിൽ പ്ലാനിൽ മാറ്റം വരുത്തുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ